## അവശസമുദായത്തിലെ ഡിഗ്രി സമ്പാദിച്ചവർ

*൨൭൦. (൫൮) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അവശസമുദായക്കാരിൽനിന്നും ഡിഗ്രിസമ്പാദിച്ച എത്രപേർക്ക് ഇവിടെ ഗവൺമെണ്ടു സർവ്വീസിൽ ഉദ്യോഗം ഉണ്ടു;

(ബി) അവർ ആരെല്ലാം; എന്തുദ്യോഗം?

വ്യവസായവും എക്സൈസും സഹായംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ. ബി.) ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി വരുന്ന സമയവും ക്ലേശവും അതിനാൽ ഉണ്ടാകാവുന്നപ്രയോജനത്തിനു തീരെ അപര്യാപ്തമാണ്.

## പരാതി ഹർജികൾ

൨൭൧. (൯൦) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഹരിജൻ അപ്പീലിഫിറവ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മുഴുവൻ ഫീസ് സൗജന്യവും അനുവദിച്ചിട്ടുള്ള ഹരിജൻ വിദ്യാർത്ഥികളിൽനിന്നും മാനേജ്മെൻറ് സ്കൂൾ അധികൃതർ ഫീസ് ഈടാക്കിവരുന്നതിൽ ഉള്ള സങ്കടവും, പരാതിയും ഗവൺമെണ്ടിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ നടത്തി.

വ്യവസായവും എക്സൈസും സഹായംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉണ്ടു.

(ബി) വേണ്ട അന്വേഷണം നടത്തി. മിക്ക കുട്ടികളും അംഗീകാരമില്ലാത്ത സ്കൂളിലോ ക്ലാസ്സിലൊ പഠിക്കുന്നതുകൊണ്ടു് ചട്ടപ്രകാരം സൌജന്യം അനുവദിക്കത്തക്കതല്ല.

## പോലീസു ഡിപ്പാർട്ട്മെണ്ടു് പുനഃസംഘടന

*൨൭൨. (൯൫) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

പോലീസു ഡിപ്പാർട്ട്മെണ്ടു് പുനഃസംഘടിപ്പിക്കണമെന്നു വല്ല ഉദ്ദേശവുമുണ്ടോ, ഉണ്ടെങ്കിൽ എങ്ങിനെ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): തിരുവിതാംകൂർ-കൊച്ചി സംയോജനത്തോടുകൂടി വിവിധ ഡിപ്പാർട്ട്മെണ്ടുകൾ യോജിപ്പിച്ചു് പരിഷ്കരിക്കുകയുണ്ടായി. എന്നാൽ അതു പൂർത്തിയായിട്ടില്ല. അക്കൂട്ടത്തിൽ പോലീസു് ഡിപ്പാർട്ട്മെണ്ടും ഉൾപ്പെടുന്നു.

## കടൽവ്യവസായകമ്മിറ്റി

*൨൭൩. (൯൨) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കടൽവ്യവസായകമ്മിറ്റി രൂപീകരിച്ചിട്ടു എത്ര കാലമായി;

(ബി) അതിന്റെ അദ്ധ്യക്ഷൻ ആരു;

(സി) അദ്ദേഹത്തിനു ശമ്പളമുണ്ടോ;

(ഡി) മാരോ താല്ക്കാലിക ഇൻവെസ്റ്റിഗേറ്റർമാരെ ആരു് നിയമിച്ചു;



LIBRARY ARCHIVES Kerala Legislative Assembly

(ഇ) അവക്ക് ശമ്പളമുണ്ടോ;

(എഫ്) ഈ കമ്മിറ്റിക്കുവേണ്ടി ഇതുവരെ എന്തു തുക ചിലവായി?

വ്യവസായവും എക്സൈസും സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഏകദേശം ഏഴുമാസം.

(ബി) ഡാക്ടർ പി. ജെ. തോമസ്സ്.

(സി) ഇല്ല.

(ഡി) കമ്മിറ്റി തിരഞ്ഞെടുത്തതനുസരിച്ച് ഗവണ്മെണ്ട് നിയമിച്ചു.

(ഇ) ഇല്ല, പ്രതിമാസം 90 രൂപാ ഓണറേറിയം കൊടുക്കുന്നുണ്ട്.

(എഫ്) ഒക്ടോബർ 1-ാംനു-വരെ ചിലവ് 9,000 രൂപാ.

## ഉദ്യോഗസ്ഥന്മാരുടെ പ്രമോഷൻ

*പ 1,87. (നുന) ശ്രീ. കെ. ശാർങ്ഗധരൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

പബ്ലിക്ക് സർവ്വീസ് കമ്മീഷനോടു് ആലോചിച്ചാണോ നിലവിലുള്ള ഉദ്യോഗസ്ഥന്മാക്കു് പ്രമോഷൻ കൊടുക്കുന്നതു്.

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): അല്ല. ഇതിനു നിയമനത്തിനല്ലാതെ സാധാരണയുള്ള ഉദ്യോഗക്കയറ്റങ്ങൾക്കു് കമ്മീഷനോടു് ആലോചിക്കേണ്ടതില്ല.

## അറസ്റ്റും ദേഹോപദ്രവവും

*പ 1,88. (നുന) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ —

(എ) കുത്തിയതോട് പോലീസ് അറസ്റ്റുചെയ്യുകയും, ഇപ്പോൾ തടങ്കലിൽ പാർപ്പിച്ചിരിക്കുകയും ചെയ്യുന്നതായി അറിയുന്ന ഒരു മി. വറുഗീസിനെ എന്തു കാരണവശാൽ അറസ്റ്റുചെയ്തു;

(ബി) അറസ്റ്റുചെയ്തതായി അറിയുന്ന മി. വറുഗീസിന്റെ അച്ഛന്റെ ശവസംസ്കാരച്ചടങ്ങുകളിൽ സംബന്ധിച്ചുകൊണ്ടു നില്ക്കുവെ വീട്ടിൽ പ്രവേശിച്ചു ഓടിച്ചു പിടിക്കയായിരുന്നു എന്നറിയുന്നതു് ശരിയാണോ എന്നന്വേഷിക്കുമോ;

(സി) കാലൊടിച്ചു അറസ്റ്റുചെയ്തതായി പത്രങ്ങളിൽ കണ്ട വാർത്തയെ അടിസ്ഥാനമാക്കി ഗവണ്മെണ്ടിൽനിന്നും വല്ല അന്വേഷണവും നടത്തിയോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ശ്രീ. വർഗ്ഗീസ് തീവ്രമായ കമ്മ്യൂണിസ്റ്റും, വിദ്വംസകപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നതിനാലും, അദ്ദേഹത്തെ അറസ്റ്റുചെയ്തു.

(ബി) അന്വേഷിച്ചു. വാർത്ത ശരിയല്ല.

(സി) അന്വേഷണം നടത്തി. അറസ്റ്റുചെയ്യുന്നതിനെ തടസ്സപ്പെടുത്തുമ്പോൾ അദ്ദേഹത്തിനു് കാലിൽ മുറിവുപറ്റി.

## പോലീസ് നെല്ലെടുപ്പ്

*പ 1,89. (90) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കുത്തിയതോട് പോലീസ് തുറവൂർ പറയകാട്ടിൽ മട്ടപ്പറമ്പു് ശ്രീ. കുഞ്ഞന്റെ വീട്ടിൽനിന്നും ഇരുപതുപറ നെല്ല് കണ്ടെടുത്തു സ്റ്റേഷനിൽ കൊണ്ടുപോയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോൾ എത്ര കാലമായി;

LIBRARY ARCHIVES Kerala Legislative Assembly